

THURSDAY 18/12/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. G.Pramodkumar



Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 18/12/2025

1. കൃഷി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കഴക്കൂട്ടത്തെ ബയോടെക്നോളജി ആൻഡ് മോഡൽ ഫ്ളോറികൾച്ചർ സെന്ററിൽ ഗുണമേന്മയുള്ള ടിഷ്യുകൾച്ചർ കപ്പ വാഴത്തൈ 20 രൂപ നിരക്കിൽ വില്പനയ്ക്ക് ലഭ്യമാണ്. താല്പര്യമുള്ളവർ നേരിട്ടോ സെന്ററുമായോ 6238312430 എന്ന ബന്ധപ്പെടുക.

2. സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ ഇന്ന് (18.12.2025) തിരുവനന്തപുരം ജില്ലയിലെ കർഷകരുടെ സിറ്റിങ് നേരിട്ടും കൊല്ലം, കോട്ടയം ജില്ലകളിൽ ഓൺലൈനായും നടത്തും. ആനയറ വേൾഡ് മാർക്കറ്റ് കോമ്പൗണ്ടിലെ കമ്മീഷൻ ഓഫീസിൽ രാവിലെ ഒമ്പതിനാണ് സിറ്റിങ്.

3. സംസ്ഥാന ക്ഷീരസംഗമം 'പടവ് 2025' നോടനുബന്ധിച്ച് ഓച്ചിറ ക്ഷീരോത്പന്ന നിർമാണ പരിശീലന വികസന കേന്ദ്രത്തിൽ ജില്ലയിലെ സ്കൂൾ വിദ്യാർഥികൾക്കായി ജനുവരി 12, 13, 14 തീയതികളിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കും. പെൻസിൽ ഡ്രോയിംഗ്, ഉപന്യാസ രചന, പെയിന്റിംഗ്, ക്ഷീര പ്രശ്നോത്തരി എന്നിവയാണ് മത്സരയിനങ്ങൾ. യു

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പി, ഹൈസ്കൂൾ തലങ്ങളിലായാണ് മത്സരങ്ങൾ. രജിസ്ട്രേഷനും വിവരങ്ങൾക്കുമായി ഡിസംബർ 27 ന് വൈകിട്ട് അഞ്ചിനകം ഓച്ചിറ ക്ഷീരോൽപന്ന നിർമാണ പരിശീലന വികസന കേന്ദ്രവുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ: 8089391209, 0476 2698550.

## പരിശീലന പരിപാടി

4. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ "തീറ്റപ്പുൽ കൃഷി " എന്ന വിഷയത്തിൽ 18/12/2025 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൗജന്യ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0491-2815454. ആധാർ കാർഡിൻറെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ കൊണ്ടുവരേണ്ടതുമാണ്.

5. മണ്ണുത്തിയിലെ ഗോട്ട് & ഷീപ്പ് ഫാമിൽ വെച്ച് **ആടുവളർത്തൽ** ശാസ്ത്രീയമായും നൂതനസാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെയും എങ്ങനെ ലാഭകരമായി ചെയ്യാം എന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വിഷയത്തിൽ ഏകദിന പരിശീലനം ഡിസംബർ 20 ന് സംഘടിപ്പിച്ചിരിക്കുന്നു. രജിസ്റ്റർ ചെയ്യുന്നതിനായി 9447796219, 0487 2961100 എന്നീ ഫോൺ നമ്പറുകളിൽ വിളിക്കേണ്ടതാണ്.

6. 2025 വർഷത്തിൽ റബ്ബർമരങ്ങളിൽ റെയിൻഗാർഡു ചെയ്യുതിനും ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ നടത്തിയതിനും റബ്ബർബോർഡിൽ നിന്നുള്ള ധനസഹായത്തിന് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 2025 നവംബർ 17 വരെയായിരുന്നു. ഈ കാലയളവിൽ അപേക്ഷ സമർപ്പിക്കാൻ കഴിയാതിരുന്നവർക്ക് 2025 ഡിസംബർ 15 മുതൽ 19 വരെയുള്ള തീയതികളിൽ സർവീസ് പ്ലസ് പോർട്ടൽ വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാൻ കഴിയുന്നതാണ്. കർഷകരും റബ്ബറുത്പാദകസംഘങ്ങളും ഈ അവസരം പരമാവധി പ്രയോജനപ്പെടുത്താൻ താൽപര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് റീജിയണൽ ഓഫീസുകളോ ഫീൽഡ് സ്റ്റേഷനുകളോ ആയി ബന്ധപ്പെടുകയോ റബ്ബർബോർഡ് വെബ് സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുകയോ ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## 7. കാർഷിക നിർദേശം

വെള്ളരിവർഗ്ഗ പച്ചക്കറികളുടെ ഇലകളുടെ മുകൾഭാഗത്ത് വെളുത്ത പൂപ്പൽ പൊടി കാണുന്നതാണ് ചൂർണ്ണപ്പൂപ്പ് രോഗം. ഇതിനു പ്രതിവിധിയായി വിളവെടുപ്പിനു ശേഷം 1.5 മി.ലി ടെബുകൊണസോൾ ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. പത്ത് ദിവസത്തിനുശേഷം ട്രൈക്കോഡർമ വിരിഡെ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുന്നതും നല്ലതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം